പാലിക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കുന്നതിന് സർവ്വകലാശാലകൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രീഡിഗ്രി, ഡിഗ്രി ക്ലാസുകളിലെ താഴ്ന്ന വരുമാനക്കാരായ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം

106 (2982) ശ്രീ. കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീഡിഗ്രി, ഡിഗ്രി ക്ലാസുകളിൽ പഠിക്കുന്ന താഴ്ന്ന വരുമാനക്കാരായ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം ലഭിക്കുന്നതിന് നിലവിലുള്ള വരുമാന പരിധി എത്രയാണ് ;

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണത്തെ തുടർന്ന് ഈ ആനുകൂല്യം ലഭിച്ചിരുന്ന നിരവധി വിദ്യാർത്ഥികൾക്ക് ഇപ്പോൾ ഫീസ് സൗജന്യം നിഷേധിക്കപ്പെട്ടിരിക്കുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സാഹചര്യത്തിൽ താഴ്ന്ന വരുമാനക്കാരായ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം ലഭിക്കുന്നതിനുള്ള വരുമാന പരിധി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രീഡിഗ്രിയ്ക്ക് 20,000 രൂപയും ഡിഗ്രിയ്ക്ക് 25,0000 രൂപയും

(ബി) ഉണ്ട്.

(സി) പരിഗണിക്കുന്നതാണ്.

കേരള യൂണിവേഴ്സിറ്റിയിലെ ടൈപ്പിസ്റ്റ് തസ്തികകൾ

107 (2984) ശ്രീ. ബി. വിജയകുമാർ :
ശ്രീ.കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ യൂണിവേഴ്സിറ്റിയിലും അതിന്റെ കീഴിലുള്ള ഓഫീസുകളിലും ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകളുണ്ട് ;

(ബി) ഈ തസ്തികയിലേക്കുള്ള ടെസ്റ്റ് നടത്തിയതെന്നാണ് ;

(സി) ഇതിന്റെ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ;

(ഡി) ഈ റാങ്ക് ലിസ്റ്റിൽ എത്ര പേരുണ്ട് ;

(ഇ) ഈ റാങ്ക് ലിസ്റ്റിൽ നിന്നും സ്ഥിരമായോ താൽക്കാലികമായോ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെയെല്ലാം; എപ്രകാരം നിയമിച്ചു ; റാങ്ക് ലിസ്റ്റിലെ അവരുടെ റാങ്ക് നമ്പർ എത്രയാണ് ;

(എഫ്) ഈ നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഈ ലിസ്റ്റിൽ നിന്നും സ്ഥിരം നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(എച്ച്) റാങ്ക് ലിസ്റ്റ് നിലനിൽക്കേ കോൺട്രാക്ട് അടിസ്ഥാനത്തിലോ ഡെയ്‌ലിവേജസിലോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ നിയമിച്ചു; ഇപ്രകാരം നിയമിക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

(ഐ) ഇവരെ പിരിച്ചുവിട്ട് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ;

(ജെ) കേരള യൂണിവേഴ്സിറ്റിയിൽ എത്ര കാലം നിയമനനിരോധനം ഉണ്ടായിരുന്നു ;

(കെ) നിലവിലുള്ള റാങ്കുലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ നിയമന നിരോധനം ഉണ്ടായിരുന്നുവോ ;

(എൽ) പ്രസ്തുത റാങ്കുലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും ;

(എം) നിയമന നിരോധനം ഉണ്ടായിരുന്നതിന്റെ പശ്ചാത്തലത്തിൽ റാങ്കുലിസ്റ്റിന്റെ കാലാവധി നീട്ടുവാനും ഒഴിവുള്ള തസ്തികകളിൽ റാങ്കുലിസ്റ്റിൽ നിന്നും സ്ഥിരം നിയമനം നടത്താനും നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) 35

(ബി) 1995 മാർച്ച് 20 മുതൽ 27 വരെയുള്ള ദിവസങ്ങളിൽ

(സി) 1997 നവംബർ 15

(ഡി) 398

(ഇ) ഇരുപത് പേരെ എമ്പവേർഡ് കമ്മിറ്റിയുടെ അനുവാദത്തോടെ താല്ക്കാലികമായി നിയമിച്ചിട്ടുണ്ടെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(എഫ്) സംവരണതത്വം പാലിച്ചിട്ടുണ്ടെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ജി) പ്രീഡിഗ്രി കോഴ്സ് അബോളിഷൻ ആക്ട് പ്രകാരം നോൺ ടീച്ചിംഗ് തസ്തികകൾക്കും നിയമന നിരോധനം നിലവിലുള്ളതിനാൽ.

(എച്ച്) പത്ത് ബി. എഡ്. സെന്ററുകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ഓരോ ടൈപ്പിസ്റ്റുകളെയും 4 യു. ഐ. റ്റി. സെന്ററുകളിൽ ഓരോ ടൈപ്പിസ്റ്റുകളെ കോൺട്രാക്ട് അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ടെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഐ) ഇക്കാര്യത്തിൽ ഇതുവരെ തീരുമാനം കൈക്കൊണ്ടിട്ടില്ല എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ജെ) 1997 ജൂൺ മാസം 2-ാം തീയതി നിലവിൽ വന്ന പ്രീഡിഗ്രി കോഴ്സ് (അബോളിഷൻ) ഓർഡിനൻസ് പ്രകാരം നിലവിൽ വന്ന നിരോധനം ഇപ്പോഴും തുടരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(കെ) ഉണ്ടായിരുന്നു.

(എൽ) 2000 നവംബർ 14

(എം) സർവ്വകലാശാല ഇത് സംബന്ധിച്ച് ആലോചിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

കേരള സർവകലാശാലയിൽ ക്ലാസ് 4 തസ്തികയിൽ നിന്നുള്ള നിയമനം

103 (2985) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവകലാശാലയിലെ ക്ലാസ്-4 തസ്തികയിലേയ്ക്ക് എന്നാണ് ടെസ്റ്റ് നടത്തിയത് ; ഇന്റർവ്യൂ എന്നു നടത്തി ; റാങ്ക് ലിസ്റ്റ് എന്ന് പ്രസിദ്ധീകരിച്ചു ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും എത്രപേർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ട് ;

(സി) കേരള സർവകലാശാലയിലെ ക്ലാസ് -4 തസ്തികയിൽ താൽക്കാലിക, ദിവസകൂലി എന്നീ അടിസ്ഥാനത്തിൽ നിലവിൽ എത്ര പേർ ജോലി നോക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ താൽക്കാലിക ജീവനക്കാരെ നിലനിറുത്തുകയും റാങ്ക് ലിസ്റ്റിൽ നിന്ന് നിയമിക്കാതിരിക്കുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) യൂണിവേഴ്സിറ്റിയിലെ നിയമനങ്ങൾ സംബന്ധിച്ച് എമ്പവേർഡ് കമ്മിറ്റി എത്ര ക്ലാസ് - 4 ജീവനക്കാരെ നിയമിക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ട് ;

(എഫ്) ഇവരെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 24-4-1995 മുതൽ 24-5-1995 വരെയും 27-10-1995 ലും ടെസ്റ്റുകൾ നടത്തി. ഇന്റർവ്യൂ 25-5-1999 മുതൽ 29-5-1999 വരെയുള്ള ദിവസങ്ങളിൽ നടത്തി. 30-6-1999 ൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

(ബി) 25 പേരെ നിയമിക്കാനുള്ള നടപടി ആരംഭിച്ചതായി സർവകലാശാല അറിയിച്ചിട്ടുണ്ട്.

(സി) 187 പേരെ കാഷ്വൽ ലേബറേഴ്സ് ആയി ദിവസകൂലി അടിസ്ഥാനത്തിൽ താൽക്കാലികമായി നിയോഗിച്ചിട്ടുണ്ടെന്നും ഇവരെ ക്ലാസ്-4 തസ്തികയിൽ ഉൾപ്പെടുത്തിയല്ല നിയമിച്ചിട്ടുള്ളതെന്നും സർവകലാശാല അറിയിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly